# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3726** **14.03.2017 ൽ മറുപടിയ്ക്ക്**

## സൈക്കോസോഷ്യൽ കൗൺസിലർമാരുടെ സേവനം

| ചോദ്യം<br>ശ്രീ.. എം.സ്വരാജ് : | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് സ്ത്രീ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നിർഭയ പദ്ധതി നടപ്പിലാക്കുന്നുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന 18004251400 ടോൾ ഫ്രീ ഹെൽപ്പ് ലൈൻ പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും സർക്കാർ ആശുപത്രികളിൽ 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് പുറമെ കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജെൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നീ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിന് തിരുവനന്തപുരത്ത് വൺ സ്റ്റോപ്പ് സെന്റർ സ്ഥാപിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ റിവൈസ്ഡ് വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതാത് ജില്ലകളെ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ടി വൺ സ്റ്റോപ്പ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ഒഴിവാക്കുന്നതിനും അവർക്ക് ശരിയായ അറിവ് നൽകുന്നതിനും സൈക്കോസോഷ്യൽ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോ : | (ബി) യും (സി) യും | കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സാമൂഹിക മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറിലധികം സ്കൂളുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൈക്കോ |

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

സോഷ്യൽ സർവ്വീസ് പദ്ധതി. ആയതിലേക്കാണ് സൈക്കോസോഷ്യൽ കൗൺസിലർമാരെ നിയമിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം കൗൺസിലർമാർ കൗമാരപ്രായക്കാർക്ക് കൗൺസിലിംഗ് സേവനം നൽകുന്നത് കൂടാതെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും അവരിൽ അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ അവബോധം വളർത്തുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**